നം. ICDS/A1-38480/10

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,
തിരുവനന്തപുരം. തീയതി : 14-8-2012

**സർക്കുലർ.**

വിഷയം : സാമൂഹ്യക്ഷേമ വകുപ്പ്- ICDS അംഗൻവാടികേന്ദ്രങ്ങളിൽ നെയിം ബോർഡ് പ്രദർശിപ്പിക്കുന്നത് - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1) ഈ കാര്യാലയത്തിൽ നിന്നുള്ള 1-9-11-തീയതിയിലെ മേൽ നമ്പരായുള്ള സർക്കുലർ.
2) തൂണേരി CDPO-യുടെ 13-6-12 തീയതിയിലെTNI/224/11 നമ്പരായുള്ള കത്ത്.
3) പാമ്പാടി CDPO-യുടെ 21-6-12 തീയതിയിലെ ICDS/P/26/12 നമ്പരായുള്ള കത്ത്.

ഐസിഡിഎസ്. പദ്ധതിയെക്കുറിച്ചുള്ള സമൂഹത്തിന്റെ അറിവ് വർദ്ധിപ്പിക്കുന്നതിനും വിഷൽ ഇംപാക്ട് ലഭിക്കുന്നതിനുമായി അംഗൻവാടി കേന്ദ്രങ്ങളിൽ നെയിം ബോർഡ് നിർമ്മിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർ വ്യാപകമായ പരസ്യം ചെയ്ത് പ്രോജക്ട്തലത്തിൽ ക്വട്ടേഷൻ ദർഘസ് ക്ഷണിച്ച് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക് നൽകുന്നതിനും പ്രോഗ്രാം ഓഫീസർമാർക്ക് അവ പരിശോധിച്ച് അംഗീകരിച്ചു നൽകുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർമാർ തുക മാറി നൽകുന്നതിനും സൂചന (1) പ്രകാരം അനുമതി നൽകിയിരുന്നു.

2011-12 സാമ്പത്തിക വർഷത്തിൽ നെയിം ബോർഡ് നിർമ്മിച്ചത് സംബന്ധമായ ദർഘാസ് നടപടികൾ നടത്തുന്നതിനും തുക വിനിയോഗം നടത്തുന്നതിനും സാധിച്ചിട്ടില്ലെന്ന് സൂചന (2),(3) പ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാർ അറിയിച്ചിരിക്കുന്നു. ആയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഫണ്ട് ഉപയോഗിച്ച് നെയിം ബോർഡുകൾ നിർമ്മിക്കാൻ സാധിച്ചിട്ടില്ലാത്ത ശിശു വികസന പദ്ധതി ഓഫീസർമാരും കഴിഞ്ഞവർഷം ടെണ്ടർ/ദർഘാസ് നടപടികൾ പൂർത്തീകരിച്ചെങ്കിലും ആലോട്ട്മെന്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ നെയിം ബോർഡുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ശിശു വികസന പദ്ധതി ഓഫീസർമാരും സൂചന (1)-ലെ സർക്കുലറിൽ നിർദ്ദേശിക്കുന്ന തരത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ നെയിം ബോർഡുകൾ നിർമ്മിക്കുന്നതിനും ഇതിലേയ്ക്കാവശ്യമായ

ചിലവുകൾ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-98 (P)34 അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകുന്നു.

N. Jeendasen

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
(പ്രോഗ്രാം ഓഫീസർ മുഖേന)

പകർപ്പ് :

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2) സൂപ്രണ്ട്, എ-സെക്ഷൻ.
3) വെബ്സൈറ്റ്.
4) സ്റ്റോക്ക് ഫയൽ/സ്പെയർ.

ജികെ/